# കേരള സർവകലാശാല

നം.പി.ആർ.232/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ് ഇന്റേണൽ മാർക്ക്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം നടത്തുന്ന രണ്ടാം വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ് (2014-16) ഇന്റേണൽ മാർക്ക് പ്രസിദ്ധീകരിച്ചു. പരാതിയുള്ളവർ കോ-ഓർഡിനേറ്ററുമായി ബന്ധപ്പെടുക. ഫോൺ. 0471-2300137, 2386125.

### മെഗാ പ്ലേസ്മെന്റ് ഫെയർ – 2016

കേരള സർവകലാശാല പ്ലേസ്മെന്റ് സെല്ലിന്റെ ആഭിമുഖ്യത്തിൽ നവംബർ 27-ന് നടത്താനിരുന്ന മെഗാ പ്ലേസ്മെന്റ് ഫെയർ 2017 ജനുവരി 14-ന് കാര്യവട്ടം കാമ്പസിൽ നടത്തും. നേരത്തെ നിഷ്കർഷിച്ചിരുന്ന കോളേജുകൾക്കും പഠനവകുപ്പുകൾക്കും പുറമെ കേരള സർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ സർക്കാർ, എയ്ഡഡ്, സ്വാശ്രയ കോളേജുകളിലെ അവസാന വർഷ ബിരുദ ബിരുദാനന്തര വിദ്യാർത്ഥികൾക്കും ഫെയറിൽ പങ്കെടുക്കാം. താൽപര്യമുള്ളവർ സർവകലാശാലയുടെ പ്ലേസ്മെന്റ് പോർട്ടലിൽ (http://.placement.keralauniversity.ac.in) ഡിസംബർ 15 വൈകുന്നേരം നാല് മണിക്ക് മുമ്പ് ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യണം. നേരത്തെ രജിസ്റ്റർ ചെയ്തവർ വീണ്ടും രജിസ്റ്റർ ചെയ്യേണ്ടതില്ല.

### എം.ഫിൽ : മെമ്മോ ഡൗൺലോഡ് ചെയ്യാം

കേരള സർവകലാശാല ഫ്യൂച്ചേഴ്സ് സ്റ്റഡീസ്, ഫിസിക്സ്, സംസ്കൃതം പഠനവകുപ്പുകളിലെ എം.ഫിൽ (2016-17) പ്രോഗ്രാമിന് ഫൈനൽ അലോട്ട്മെന്റിലേക്കുള്ള മെമ്മോ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. പ്രവേശനത്തിന് തെരഞ്ഞെടുത്തിട്ടുള്ളവർക്ക് എസ്.എം.എസ് അയച്ചിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന രേഖകളുമായി നിർദ്ദേശിച്ചിട്ടുള്ള വകുപ്പിൽ ഡിസംബർ ഒമ്പത് രാവിലെ 10.30-ന് ഹാജരാകണം.

യൂണിവേഴ്സിറ്റി കോളേജിലെ ഫിസിക്സ്, ഇംഗ്ലീഷ്, മലയാളം, ഫിലോസഫി വകുപ്പുകളിലെ എം.ഫിൽ (2016-17) പ്രോഗ്രാമിന് ഫൈനൽ അലോട്ട്മെന്റിലേക്കുള്ള മെമ്മോ www.admissions.keralauniversity.ac.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. പ്രവേശനത്തിന് തെരഞ്ഞെടുത്തിട്ടുള്ളവർക്ക് എസ്.എം.എസ് അയച്ചിട്ടുണ്ട്. മെമ്മോയിൽ പറഞ്ഞിരിക്കുന്ന രേഖകളുമായി നിർദ്ദേശിച്ചിട്ടുള്ള വകുപ്പിൽ ഡിസംബർ ഒമ്പതിന് നിർദ്ദിഷ്ട സമയത്ത് ഹാജരാകണം.

### സ്പോക്കൺ ഇംഗ്ലീഷ് സർട്ടിഫിക്കറ്റ് കോഴ്സ് അപേക്ഷ : തീയതി നീട്ടി

കേരള സർവകലാശാല ഇംഗ്ലീഷ് ലാംഗ്വേജ് ടീച്ചിംഗ് കേന്ദ്രം നടത്തുന്ന സ്പോക്കൺ ഇംഗ്ലീഷ് സ്കിൽ ഡെവലപ്മെന്റ് സർട്ടിഫിക്കറ്റ് കോഴ്സിന് ഏതാനും സീറ്റുകൾ ഒഴിവുണ്ട്. അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ 14-ലേക്ക് നീട്ടി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്‌സി കമ്പ്യൂട്ടർ സയൻസ് ഫലം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജൂണിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി കമ്പ്യൂട്ടർ സയൻസ് പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എസ്‌സി മൈക്രോബയോളജി പ്രാക്ടിക്കൽ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എസ്‌സി മൈക്രോബയോളജി പരീക്ഷയുടെ പ്രാക്ടിക്കൽ ഡിസംബർ 16, 19 തീയതികളിൽ നടത്തും. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ഏഴാം സെമസ്റ്റർ 2013 സ്കീം കോഴ്സ് കോഡിൽ വരുന്ന അഞ്ചാം സെമസ്റ്റർ ബി.ടെക് 2013 സ്കീം - പാർട്ട് ടൈം - റീസ്ട്രക്ച്ചേർഡ് (2016 ഡിസംബർ/2017 ജനുവരി) പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എച്ച്.ആർ.എം : ഇന്റേണൽ മാർക്ക്

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപനകേന്ദ്രവും വിദൂരവിദ്യാഭ്യാസ വിഭാഗവും ചേർന്ന് നടത്തുന്ന മാസ്റ്റർ ഇൻ ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് കോഴ്സിന്റെ രണ്ടാം വർഷ ഇന്റേണൽ മാർക്ക് പ്രസിദ്ധീകരിച്ചു. ഫോൺ. 0471-2302523.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം. പബ്ലിക് റിലേഷൻസ് ഓഫീസർ
07.12.2016

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**